# പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : T 1887 — 15.07.2016-ൽ മറുപടിയ്ക്ക്

## ശംഖുകുളങ്ങര കാവ് സംരക്ഷിക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.ഇ.ടി.ടൈസൺ മാസ്റ്റർ | ശ്രീ. അഡ്വ. കെ.രാജു<br>(വനവും മൃഗസംരക്ഷണവും, മൃഗശാലകളും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| എ) | പ്രകൃതിദത്തമായ കാവുകളെ സംരക്ഷിക്കാനുള്ള പദ്ധതികൾ നിലവിലുണ്ടോ; | എ) | ഉണ്ട്. 12.09.2013 ലെ ജി.ഒ (ആർ.റ്റി) 354/13/വനം പ്രകാരമുള്ള സർക്കാർ മാർഗ്ഗ നിർദ്ദേശപ്രകാരം - കാവ് സംരക്ഷണ പദ്ധതി - വനം വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. കാവ് സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിലും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം അതാത് വർഷം അപേക്ഷകൾ ക്ഷണിക്കുകയും ടി അപേക്ഷ വിദഗ്ധ സമിതി പരിശോധിച്ച് തെരഞ്ഞെടുക്കപ്പെട്ട കാവുകൾക്ക് ധന സഹായവും നൽകി വരുന്നു. |
| ബി) | കയ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ ശംഖുകുളങ്ങര കാവ് സംരക്ഷിക്കുവാൻ നടപടിയെടുക്കാമോ? | ബി) | 19.01.2016- ൽ കൂടിയ സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റി തെരഞ്ഞെടുത്ത കാവുകളിൽ ഒന്നായ തൃശ്ശൂർ ജില്ലയിലെ കയ്പമംഗലം മണ്ഡലത്തിലെ ശ്രീനാരായണപുരം ഗ്രാമപഞ്ചായത്തിലെ ശംഖുകുളങ്ങര കാവിന് മൈക്രോ പ്ലാൻ അനുസരിച്ച് തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ നിന്നും 2015- 16 വർഷത്തിൽ 17000/- രൂപ കാവു സംരക്ഷണത്തിനായി അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ